**A**



# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2022-23

# മലയാളം

ക്ലാസ് : 9 | സമയം : 1½ മണിക്കൂർ

## കേരളപാഠാവലി

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.** **(4 x 1 = 4)**

1. 'ഭഗവത്സിങ്ങിന്റെ <u>മുഖച്ഛായ</u> നിങ്ങൾക്കുണ്ട്' അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം എഴുതുക.
   - മുഖവും ഛായയും
   - മുഖത്തിന്റെ ഛായ
   - മുഖം പോലുള്ള ഛായ
   - മുഖമാകുന്ന ഛായ

2. ലക്ഷ്യപ്രാപ്തിയെ മുൻനിർത്തിയുള്ള ഉപകരണസംവിധാനത്തിൽനിന്നുളവാകുന്ന സൗന്ദര്യാവിഷ്കരണം കാണപ്പെടുന്നതെവിടെ?
   - കലാസൃഷ്ടിയിൽ
   - പ്രകൃതിസൗന്ദര്യത്തിൽ
   - ആസ്വാദനത്തിൽ
   - പരസ്യപ്പെടുത്തലിൽ

3. 'അത് അവനറിയാം. അതോണ്ടാ അവൻ നിത്യോം കത്തയക്കണ്' (കീറിപ്പൊളിഞ്ഞ ചകലാസ്) കമലത്തിന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?
   - പരിഹാസം
   - സ്നേഹം
   - അഭിമാനം
   - ആഹ്ലാദം

4. "പേന മരിച്ചു കിടപ്പൂ നിൻ ട്രങ്കിന്റെ

മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം" (നഗരത്തിൽ ഒരു യക്ഷൻ)

ഇവിടെ കൊക്കുകൾ പൂട്ടിയിരുന്നു എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?

- കൊക്കുകൾ തുറക്കാൻ പറ്റിയിരുന്നില്ല.
- നിശ്ശബ്ദരായിരുന്നു.
- പിണങ്ങിയിരുന്നു.
- ഉറക്കമായിരുന്നു.

5. 'അല്ലെങ്കിൽ പ്രാപഞ്ചികജീവിതത്തിനെ, നമ്മ

ളെല്ലാരുമിതിൻമുൻപേ വെറുത്തു കഴിഞ്ഞേനെ'

പ്രാപഞ്ചികജീവിതത്തിനെ നമ്മൾ വെറുക്കാതിരിക്കാനുള്ള കാരണമായി കവി പറയുന്നതെന്ത്?

- ഓരോ ദിവസവും അനർഘമായ ചാരുതയാൽ പുതുക്കപ്പെടുന്നതിനാൽ
- ലോകം മാറ്റമില്ലാതെ തുടരുന്നതിനാൽ
- ലോകം നിശ്ശബ്ദമായി നിൽക്കുന്നതിനാൽ
- പ്രപഞ്ചം നമ്മെ സ്നേഹിക്കുന്നതിനാൽ

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **(2 x 2 = 4)**

6. 'നോക്കമ്മേ, ആ കുട്ടിയുടെ മുഖത്ത് എന്തൊരു തെളിച്ചം!'

റോസിമോൾ ഇങ്ങനെ പറയാനിടയായ സാഹചര്യം എന്താണ്?

7. അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി എഴുതുക.

യാതൊരു മുന്നറിയിപ്പും കൂടാതെ അയാൾ ഉൾനാട്ടിലുള്ള തന്റെ വീടിന്റെ പടിക്കൽ സർക്കാർ ജീപ്പിൽ വന്നിറങ്ങിയപ്പോൾ, ഉമ്മറത്ത് ഒരു ചാരുകസേരമേൽ കിടക്കുകയായിരുന്ന അമ്മ എഴുന്നേൽക്കാൻ ഒരു ശ്രമം നടത്തി.

8. "ഇനി പോയ്ക്കോളൂ. ഇന്നത്തെ അധ്യയനം കഴിഞ്ഞു"

ഗുരു ഇങ്ങനെ പറഞ്ഞത് എന്തുകൊണ്ടാവാം? നിങ്ങളുടെ അഭിപ്രായം എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(5 x 4 = 20)**

9. **'എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതു പോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ.. ഭാരതഭൂമി മരിച്ച എന്നെയും എന്നെ പ്രസവിച്ച എന്റെ അമ്മ ജീവിച്ചിരിക്കുന്ന എന്നെയും.' (അമ്മ)**

**ബഷീറിന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്? തന്നിരിക്കുന്ന സംഭാഷണഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക**

10. • ' പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തനും സ്വകീയമാണ്.'

(പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും)

• 'ഈവിധം മനോഹര വസ്തുക്കളെല്ലാം, നമ്മെ-
"ജ്ജീവിക്കൂ, ജീവിക്കൂ"കെ,ന്നുദ്ബോധിപ്പിപ്പൂ നിത്യം. (സൗന്ദര്യലഹരി)

പ്രകൃതിസൗന്ദര്യത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാടും എം.പി പോളിന്റെ നിരീക്ഷണവും പരിശോധിച്ച് താരതമ്യക്കുറിപ്പ് തയാറാക്കുക.

11. 'പൂട്ടിവെച്ചുള്ള മനസ്സോടിരുന്നു ഞാ-
നോർക്കുകയാണദ്ദിനങ്ങൾതൻ ലാഘവം' (നഗരത്തിൽ ഒരു യക്ഷൻ)

'പ്രസാദാത്മകമായ ജീവിതം രൂപപ്പെടുത്തുന്നതിൽ ഇഷ്ടജനങ്ങളുടെ സാന്നിധ്യം പ്രധാനമാണ്' എന്ന പ്രസ്താവനയെ കവിയുടെ ഓർമ്മകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

12. 'അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി -
ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾ തോറും പളുങ്കുമണി ചിന്നി -
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ..' (സൗന്ദര്യലഹരി)

ആരണ്യപ്പൂഞ്ചോലകളുടെ ഒഴുക്കിനെ കവി എങ്ങനെയെല്ലാമാണ് വർണിച്ചിരിക്കുന്നത്? കാവ്യഭംഗി കണ്ടെത്തി കുറിപ്പു തയാറാക്കുക.

13. 'പെട്ടെന്ന് ആരോ തന്റെ കൈപ്പത്തി ഒതുക്കിപ്പിടിക്കുകയാണ്. എന്തു സംഭവിക്കുന്നു എന്നാലോചിച്ച് നിൽക്കുമ്പോൾ കലപില കൂട്ടുന്ന കുപ്പിവളകൾ തന്റെ കൈത്തണ്ടിലേക്ക്.... വിശ്വസിക്കാനാവാതെ പതുക്കെ തടവിനോക്കാൻ കൈപ്പടം അനക്കിയപ്പോൾ മണികിലുക്കം പോലെ കൗതുകമുണർത്തുന്ന നാദം. പെട്ടെന്ന് മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം! ഉള്ളിൽ ഒതുങ്ങാതെ അത് ശരീരത്തിൽ ആകെ പടർന്നു കയറുകയാണ്.'

'കണ്ണമ്മയ്ക്ക് ചുറ്റുപാടുകൾ ശബ്ദത്തിലൂടെയും സ്പർശനത്തിലൂടെയുമാണ് അനുഭവവേദ്യമാകുന്നത്' - തന്നിരിക്കുന്ന സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

14. 'ഖനിയിൽ നിന്ന് കുഴിച്ചെടുക്കുന്ന ലോഹം പോലെ' എന്ന് പ്രകൃതിസൗന്ദര്യത്തെക്കുറിച്ച് ലേഖകൻ പറയുന്നതിനു കാരണമെന്ത്? പ്രയോഗഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(2 x 6 = 12)**

15. 'അവിടെ ചെലവുകൾ കൂടിക്കൂടി വരികയാണ്.' (കീറിപ്പൊളിഞ്ഞ ചകലാസ്)

ആഡംബരമായി ജീവിക്കുവാനുള്ള ആഗ്രഹങ്ങൾക്കിടയിൽ നാം കുടുംബബന്ധങ്ങൾ മറന്നു പോകുന്നുണ്ടോ? തന്നിരിക്കുന്ന സന്ദർഭവും കഥയിലെ ആശയവും സമകാലിക സാമൂഹിക സന്ദർഭങ്ങളും പരിഗണിച്ച് 'ആഡംബര ജീവിതവും മലയാളികളും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക

16. 'ഉണ്ണാവ്രതവുമായന്യരെയൂട്ടുന്നോ
രെന്നുമ്മതൻ യജ്ഞം കണ്ടു നിൽക്കേ
നീറുമെന്നുള്ളം കുറുകീ......' (വേദം-യൂസഫലി കേച്ചേരി)

വേദം എന്ന കവിതയിലെ കുട്ടിയുടെ നന്മ നിറഞ്ഞ മനസ്സ് നിങ്ങൾ പരിചയപ്പെട്ടതാണല്ലോ! ഇത്തരത്തിൽ സ്നേഹം നിറഞ്ഞ കഥാപാത്രമാണ് കണ്ണമ്മയിലെ റോസിമോൾ. രണ്ടു കഥാപാത്രങ്ങളുടെയും അവഗണിക്കപ്പെടുന്നവരോടുള്ള സമീപനങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

17. കവിതയിലെ പ്രമേയം, കാവ്യഭംഗി, കാലികപ്രസക്തി തുടങ്ങിയവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

## പൂവിളി

മലനാടിന്റെ മുറ്റത്തു
മലർത്തറയിലോണനാൾ
മാൺപിലോലക്കുടക്കീഴിൽ
മഹാബലിയിരിക്കവേ,
ഓമൽക്കവിളിലാഹ്ലാദ-
മോളംവെട്ടുന്ന പൂവുകൾ
ഒതുങ്ങിസ്സാദരം വന്ദി-
ച്ചോതീഭംഗിയിലിങ്ങനെ:
"മണ്ണിൽ കാത്തങ്ങയെക്കാണാൻ
മരുവീ ഞങ്ങളേറെനാൾ;
ഇന്നു സന്നിധിയിൽ ചെമ്മേ
വന്നു ഭാഗ്യം തുണയ്ക്കയാൽ.
ഇറുത്തു, കുമ്പിളിൽ നിറ -
ച്ചീണത്തിൽ പാടുമുണ്ണികൾ
വാടാതെയിങ്ങോട്ടെത്തിച്ചൂ
വരവേൽപ്പിന്നു ഞങ്ങളെ.
തുമ്പ, മുക്കുറ്റി,നെല്ലിപ്പൂ,
തുടു ചിറ്റാട,യാമ്പലും
ഞങ്ങളെല്ലാം വന്നിരിപ്പൂ
കൊങ്ങിണിപ്പൂവുമപ്പയും.
കളയെന്നായ് ലോകർ വെട്ടി -
ക്കളയും ഞങ്ങ,ളേഴകൾ
പെരുമപ്പെട്ടൊരങ്ങുന്നി -
ന്നരുമപ്പെട്ട പൂവുകൾ."

(വൈലോപ്പിള്ളി )

| |
|---|
| മാൺപ് = ഭംഗി |
| സാദരം = ആദരവോടുകൂടി |
| മരുവുക = കഴിയുക, താമസിക്കുക |
| ഏഴകൾ = പാവങ്ങൾ |
| പെരുമ = പ്രശസ്തി |